**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2454** **27-02-2023 - ൽ മറുപടിയ്ക്ക്**

**രേഖാമൂലമല്ലാതെയുള്ള നിയമോപദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ഏതൊക്കെ സാഹചര്യങ്ങളിലാണ് പുറത്തുനിന്നുള്ള അഭിഭാഷകരുടെ നിയമോപദേശം തേടാറുള്ളത്; രേഖാമൂലം അല്ലാതെ ഇത്തരത്തിൽ നിയമോപദേശം തേടുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ചില പ്രത്യേക സാഹചര്യങ്ങളിൽ വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൽ നിയമോപദേശം തേടാറുണ്ട്. |
| (ബി) | 2016-2021 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ രേഖാമൂലം അല്ലാതെ നിയമോപദേശം തേടിയ കേസുകൾ ഏതൊക്കെയാണ്; ഓരോ കേസിലും നിയമോപദേശം തേടിയത് ആരിൽ നിന്നാണ്; ഫീസിനത്തിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം അറിയിക്കുമോ? | (ബി) | അഡ്വക്കേറ്റ് ജനറൽ, സ്റ്റേറ്റ് അറ്റോർണി, ശ്രീ. റ്റി.ബി. ഹുദ് (സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടു അഡ്വക്കേറ്റ് ജനറൽ) ശ്രീ. കെ.കെ.വേണുഗോപാൽ (പാനൽ കൗൺസൽ) എന്നിവരുടെ യോഗത്തിൽ ശ്രീ. കെ.കെ.വേണുഗോപാലിൽ നിന്നും ഓറൽ ഒപ്പീനിയൻ തേടിയിട്ടുണ്ട്. ഫീസിനത്തിൽ പതിനഞ്ച് ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ